# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. T 5044** **04-07-2012-ൽ മറുപടിയ്ക്ക്**

### റോഡപകടങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. എം.പി. വിൻസെന്റ് :** | | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ((ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)** | |
| (എ) | 2011-ൽ നടന്ന റോഡപകടങ്ങളിൽ ഏറ്റവും കൂടുതൽ ആളുകൾ മരിച്ചത് ഏതു ജില്ലയിലാണെന്ന് അറിയിക്കുമോ ; | (എ) | എറണാകുളം ജില്ല. |
| (ബി) | പ്രസ്തുത അപകടങ്ങളുടെ കാരണങ്ങളെക്കുറിച്ച് പഠിച്ച്, അപകടങ്ങൾ കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ബി) | അമിത വേഗത, മദ്യപിച്ചും അശ്രദ്ധയോടെയും വാഹനം ഓടിക്കുന്നത്, മൊബൈൽ ഫോൺ ഉപയോഗിച്ചുകൊണ്ട് വാഹനം ഓടിക്കുന്നത്, ഹെൽമറ്റ് ധരിക്കാതെ ഇരുചക്ര വാഹനം ഓടിക്കുന്നത്, റോഡിന്റെ പരിമിതിയും ശോചനീയാവസ്ഥയും, വാഹന ബാഹുല്യം എന്നീ പ്രധാനപ്പെട്ട കാരണങ്ങൾ കൊണ്ടാണ് അധികം വാഹന അപകടങ്ങളും മരണങ്ങളും സംഭവിക്കുന്നത്. |

തിരക്കുള്ള സ്ഥലങ്ങളിൽ ക്യാമറകൾ സ്ഥാപിച്ചും ട്രാഫിക് പോലീസിന്റെ സാന്നിദ്ധ്യം ഉറപ്പാക്കിയും വീതി കുറവുള്ള റോഡുകളിൽ വൺവെ സംവിധാനം ഏർപ്പെടുത്തിയും ഹൈവേകളിൽ വാഹന പരിശോധനയും മറ്റും കർശനമാക്കിയും പൊതുജനങ്ങളുടെ ഇടയിൽ ട്രാഫിക് അവബോധം വളർത്തുവാൻ ക്ലാസ്സുകൾ നടത്തിയും വാഹന അപകടങ്ങൾ കുറയ്ക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ നിയമ ലംഘകർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചു വരുന്നു.

(ഒപ്പ്)

സെക്ഷൻ ഓഫീസർ